**ക്രമപ്രശ്നം**

## 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ പരിഹരിക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ തടസ്സവാദം അങ്ങേയ്ക്ക് എഴുതി നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പൊതുവായി ചില വിഷയങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ ഗവൺമെന്റ് ഇവിടെ കൊണ്ടുവരുന്നതിന്റെ ലക്ഷ്യം, മലബാർ മേഖലയിലെ ധാതുമണൽ നിക്ഷേപത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ്. അതിലേയ്ക്ക് പോകുമ്പോൾ ഗവൺമെന്റ് ആഗ്രഹിക്കുന്നത് ഒരു ഏകീകൃത നിയമം കൊണ്ടുവരിക എന്നതാണ്. അതാണ് ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി പ്രതിപാദിച്ചിരിക്കുന്നത്. പക്ഷെ ഇക്കാര്യത്തിൽ ഒരു ഏകീകൃത സ്വഭാവം വരുന്നില്ല എന്നതാണ് ആദ്യമേ ചൂണ്ടിക്കാണിക്കാനുള്ളത്. ഒരു ഏകീകൃത സ്വഭാവം വരണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ ഈ ബില്ലിൽ പരാമർശിച്ച, 1881-ലെ തിരുവിതാംകൂർ വിളംബരവും 1905-ലെ കൊച്ചി വിളംബരവും, രണ്ട് വിളംബരങ്ങളിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾമാത്രം എടുത്ത് ഈ ബില്ലിൽ

ഉൾപ്പെടുത്തി കൊണ്ടുവരേണ്ടിയിരുന്നു. ഇത് നാളെ ഒരു നിയമമായി കഴിയുമ്പോൾ ഈ നിയമം അതിന്റെ പൂർണ്ണതയിലെത്തണം എന്നുണ്ടെങ്കിൽ ആ രണ്ട് വിളംബരങ്ങൾകൂടി ഇതിനോട് ചേർത്ത് വായിക്കേണ്ട സാഹചര്യത്തിലേയ്ക്ക് എത്തിച്ചേരുകയാണ്. ഈ വിളംബരങ്ങൾ അങ്ങേയ്ക്ക് അറിവുള്ളതുപോലെ പ്രീ-കോൺസ്റ്റിറ്റ്യൂഷണൽ വിളംബരങ്ങൾ ആണ്. ഇതിനകത്ത് സ്വാഭാവികമായും ഇത്തരത്തിലുള്ള കാര്യങ്ങൾ വരുമ്പോൾ പലപ്പോഴും ചർച്ച ചെയ്യുന്ന അനവധി കാര്യങ്ങളുണ്ട്. ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ സംബന്ധിച്ചുള്ള വിഷയങ്ങൾ സ്വാഭാവികമായും ഉയർന്നുവരുന്ന ഒന്നാണ്. തിരുവിതാംകൂർ വിളംബരത്തിൽ ഭൂവ്യവസ്ഥിതികളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ആ ഭൂവ്യവസ്ഥിതികൾ അനുസരിച്ചുള്ള ഭൂമിയിൽ നിന്നുള്ള ധാതുഖനനത്തിന്റെ അവകാശമാണ് സർക്കാരിലേയ്ക്ക് വരുന്നതെന്ന് അതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ കൊച്ചി വിളംബരവുമായി ബന്ധപ്പെട്ട് പറയുമ്പോൾ അതിൽ കുറച്ചുകൂടി വിശദമായി ഏതൊക്കെ ധാതുക്കൾ ആണ്, അത് ഏതൊക്കെ നിലയിൽ ഖനനം ചെയ്യാം, അതിന്റെ വിതരണം അല്ലെങ്കിൽ അതിന്റെ ഉപയോഗം ഏത് നിലയിലേയ്ക്ക് കൊണ്ടുവരാമെന്നൊക്കെ  പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ ഈ

നിയമത്തിലൂടെ മലബാർ മേഖലയിലേയ്ക്കുള്ള അവകാശവും ഗവൺമെന്റ് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. വ്യത്യസ്തമായ മൂന്ന് വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് വരാൻ പോകുന്ന എന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുന്നത്. മലബാർ മേഖലയും ഈ ബിൽ പ്രകാരം വരാൻ പോകുന്നു. കൊച്ചി വിളംബരവും തിരുവിതാംകൂർ വിളംബരവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, രണ്ട് വിളംബരങ്ങളിലുമുള്ള പ്രധാനപ്പെട്ട വ്യവസ്ഥകളെ, ഗവൺമെന്റിന്റെ ഇന്ററസ്റ്റ് മുന്നോട്ടുവയ്ക്കുന്ന ഇത്തരത്തിലുള്ള വ്യവസ്ഥകളെ ഉൾപ്പെടുത്തിക്കൊണ്ട് അതിൽനിന്ന് എടുക്കാമായിരുന്നു. അത് ഈ ബില്ലിൽ കൊണ്ടുവരാമായിരുന്നു എന്നാണ് ഞാൻ സൂചിപ്പിച്ചത്. ആദ്യമേ പറഞ്ഞ മറ്റൊരു കാര്യം ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഉണ്ടാകും. ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷൻ ഇപ്പോഴും നമ്മുടെ സംസ്ഥാനം രൂപീകൃതമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് പല പ്രാവശ്യം ചർച്ച ചെയ്ത ഒരു വിഷയമാണ്. ഇത്തരത്തിലുള്ള ആശങ്കകൾ ഉയർന്നുവരുന്ന സാഹചര്യങ്ങൾ ഉണ്ട്. Kerala Adaptation of Laws-ൽ ഈ രണ്ട് വിളംബരങ്ങളും ഉൾപ്പെടുത്തിയതായി

കാണുന്നില്ല. അങ്ങനെ വരുമ്പോൾ നാളെ ഏതെങ്കിലും തരത്തിലുള്ള വ്യവഹാരം ഇക്കാര്യത്തിൽ ഇനിവന്നുകഴിഞ്ഞാൽ...., ഒരു നിയമം നമ്മൾ നിർമ്മിക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ഒരു വ്യവഹാരത്തിലേയ്ക്ക് പോകാൻ പാടില്ല, ഇനി ഒരു വ്യവഹാരം ഉണ്ടായാൽ അതിൽ സംസ്ഥാനത്തിന്റെ താൽപ്പര്യംകൂടി മുൻനിർത്തി മുമ്പോട്ടുവരണം. അതിനൊരു വീഴ്ച ഉണ്ടാകാൻ പാടില്ല. അതാണ് എല്ലാ ലെജിസ്ലേഷനും മുന്നോട്ടുവയ്ക്കുമ്പോൾ അതിൽ ലക്ഷ്യം വയ്ക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്ന്. ഈ വിളംബരങ്ങൾ Kerala Adaptation of Law-യിൽ ഉൾപ്പെടാതെ ഇരിക്കുമ്പോൾ സ്വാഭാവികമായും അതിൽ ഏതെങ്കിലും തരത്തിലുള്ള നിയമപ്രശ്നം ഭാവിയിൽ ഉണ്ടാകും. ത്രേസ്യാമ്മ ജേക്കബ് വേഴ്സസ് ജിയോളജിസ്റ്റ് എന്ന കേസ്സുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് സുപ്രീംകോടതിയിൽനിന്ന് ഉണ്ടായ  അഡ്വേഴ്സ് നിയമമാണ് അല്ലെങ്കിൽ ഓർഡർ ആണ് ഇത്തരത്തിൽ ഒരു നിയമ നിർമ്മാണത്തിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരാൻ കാരണമായത്. അതുകൊണ്ട് ഭാവിയിലെങ്കിലും അത്തരത്തിലുള്ള ന്യൂനതകൾ ഉണ്ടാകാതിരിക്കാനുള്ള ശ്രമം വരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഉന്നയിച്ച വിവിധ വിഷയങ്ങളെ

സംബന്ധിച്ച് ഗവൺമെന്റിന് ഗവൺമെന്റിന്റേതായ വേർഷൻസ് ഉണ്ടാകും. പക്ഷെ ഞാൻ ആവശ്യപ്പെടുന്നത് ഇതിനെ സംബന്ധിച്ച് ഒരു സമഗ്രമായ ഏക നിയമം എന്ന നിലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം എന്നുള്ളതാണ്. അത്തരത്തിൽ വന്നിരിക്കുന്ന എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് പോകാൻ കഴിയുന്ന നിലയിലുള്ള റൂളിംഗ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ പരിഹരിക്കൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലുകൾ അവതരിപ്പിക്കുമ്പോൾ പ്രധാനമായും ലെജിസ്ലേറ്റീവ് കോംപീറ്റൻസി ആണ് നോക്കേണ്ടത്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ 18-ാം നമ്പർ എൻട്രി പ്രകാരം ഭൂമിയെ സംബന്ധിച്ചും 23-ാം എൻട്രി പ്രകാരം മിനറൽസിനെ സംബന്ധിച്ചും സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. 50-ാം നമ്പർ എൻട്രി പ്രകാരം ധാതുക്കളുടെ മേലുള്ള നികുതി ഈടാക്കാനുള്ള അധികാരവും സംസ്ഥാന ഗവൺമെന്റിന് ഉള്ളതാണ്. അതിന് പൂർണ്ണമായും ലെജിസ്ലേറ്റീവ് കോംപീറ്റൻസി നിയമസഭയ്ക്കുണ്ട്. അദ്ദേഹം ഉന്നയിച്ചിരിക്കുന്നത് മറ്റൊരു പ്രശ്നമാണ്, 1881-ലെ തിരുവതാംകൂർ

വിളംബരവും 1905-ലെ കൊച്ചി വിളംബരവും നിലനിൽക്കുന്നുണ്ട്. അത് Kerala Adaptation of Laws-ൽ ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അതിന് നിയമ സാധുത ഉണ്ടാകുമോ എന്നുള്ളതാണ്. എന്നാൽ ഗവൺമെന്റിനുവേണ്ടി രാജാവിൽ നിക്ഷിപ്തമായിട്ടുള്ള ഏതെല്ലാം കാര്യങ്ങൾ ഉണ്ടോ സ്വാതന്ത്ര്യം നേടുന്ന സന്ദർഭത്തിൽ ഈ ഭരണഘടന അംഗീകരിക്കുന്ന സന്ദർഭത്തിൽ അതെല്ലാംതന്നെ ഇന്ത്യ ഗവൺമെന്റിലും അതാത് സംസ്ഥാന ഗവൺമെന്റുകളിലും നിക്ഷിപ്തമായിരിക്കും എന്നുള്ളത് ഭരണഘടനയുടെ ആർട്ടിക്കിൾ 294-ൽ വളരെ കൃത്യമായിത്തന്നെ നിർവ്വചിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ വിളംബരങ്ങളെല്ലാം നമ്മുടെ ബില്ലിന്റെ ഭാഗമാണ്. അതുകൊണ്ട് ഇവിടെ പരാമർശിച്ച ത്രേസ്യാമ്മ ജേക്കബ് വേഴ്സസ് ജിയോളജിസ്റ്റ് എന്ന കേസിൽ തിരുവതാംകൂർ കൊച്ചി മേഖലയിലെല്ലാം നിയമമുണ്ട്, അതുകൊണ്ട് അവിടെയുള്ള ധാതുക്കളെല്ലാം സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണ്. എന്നാൽ മലബാറിൽ നിയമമില്ല, അതുകൊണ്ട് അത് ഉടമസ്ഥനാണ് ലഭിക്കുന്നതെന്ന് സുപ്രീം കോടതി ആധികാരികമായി തന്നെ വ്യക്തമാക്കിയത്. പ്രത്യേക നിയമം ഇല്ലെങ്കിൽ അത് ഭൂമിയുടെ ഉടമസ്ഥനുതന്നെ അവകാശപ്പെട്ടതാണ്. അത്

പരിഹരിക്കാൻ നിയമനിർമ്മാണം ആവശ്യമായിവന്നു. അതിനെത്തുടർന്ന് അന്ന് നിയമോപദേശം കിട്ടി, പക്ഷെ നിയമനിർമ്മാണത്തിലേയ്ക്ക് പോയില്ല. 2019-ൽ വീണ്ടും ഹൈക്കോടതി ഇതുസംബന്ധിച്ചുള്ള ഒരു വിധിയിൽ അടിയന്തരമായി തന്നെ ഓർഡിനൻസ് പ്രകാരം നിയമനിർമ്മാണം നടത്തണമെന്ന ഉപദേശംകൂടി ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. അതുകൊണ്ട് ഇതിന് ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുണ്ട്. ഭരണഘടനാ വിരുദ്ധമല്ല, സെൻട്രൽ ആക്ടിന് വിരുദ്ധമല്ല, പൂർണ്ണമായും നമുക്ക് അധികാരമുള്ള പ്രക്രിയയാണ്.